പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1711 — 05.12.2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
|---|---|
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട്; നീട്ടിയ സമയപരിധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ ; | (എ) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL- 1, KEL- 2, പദ്ധതികൾ 2015 മാർച്ച് വരെയും KEL- 3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട് |
| (ബി) ദീർഘിപ്പിച്ച സമയപരിധിക്കകം പാക്കേജ് പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ബഹു.കേന്ദ്ര കൃഷി മന്ത്രി ബഹു.മുഖ്യമന്ത്രിക്ക് 13.11.2014 ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പാക്കേജിന്റെ പ്രാദേശിക തലത്തിലുള്ള മേൽനോട്ടം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി)യും (ഡി)യും 07.10.2014 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കുട്ടനാട് പ്രോസ്പെരിറ്റി കൗൺസിൽ യോഗത്തിൽ എല്ലാ വകുപ്പ് തലവൻമാർക്കും പ്രദേശിക തലത്തിലുള്ള മേൽനോട്ടം വഹിക്കുന്നതിനും പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ